**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഗെയിമുകൾക്ക് ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ ഗെയിമുകൾ, ചൂതാട്ട കേന്ദ്രങ്ങൾ, കുതിരപ്പന്തയം എന്നിവയ്ക്ക് ഉയർന്ന ജി.എസ്.ടി. ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഓൺലൈൻ ഗെയിമുകൾ, ചൂതാട്ട കേന്ദ്രങ്ങൾ, കുതിരപ്പന്തയം എന്നിവയ്ക്ക് 28 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തുന്നതിന് 2023 ജൂലൈ 11 ന നടന്ന അമ്പതാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനമെടുത്തിട്ടുണ്ട്. ഓൺലൈൻ ഗെയിമുകൾ, കുതിരപ്പന്തയം എന്നിവയ്ക്ക് പന്തയത്തുകയുടെ മുഴുവൻ വാല്യൂവിനും ചൂതാട്ട കേന്ദ്രങ്ങൾക്ക് പർച്ചേസ് ചെയ്യുന്ന ചിപ്പുകളുടെ ഫേസ് വാല്യൂവിനും മേൽ 28 ശതമാനം നികുതി ബാധകമാകും. |
| (ബി) | ഇത് സംബന്ധിച്ച നിയമനിർമ്മാണം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഓൺലൈൻ ഗെയിമുകൾ നിരോധിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള അധികാരം നിലനിർത്തുന്ന തരത്തിലാണോ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഓൺലൈൻ ഗെയിമുകൾ, ചൂതാട്ട കേന്ദ്രങ്ങൾ, കുതിരപ്പന്തയം എന്നിവയുടെ നികുതി നിരക്കുകളിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജി.എസ്.ടി. നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ബിൽ കേന്ദ്ര സർക്കാർ ലോക് സഭയിൽ അവതരിപ്പിച്ചിട്ടുണ്ട് (Bill No. 119 of 2023). അമ്പത്തിയൊന്നാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനിച്ചതനുസരിച്ച്, നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഓൺലൈൻ ഗെയിമുകൾ, ചൂതാട്ട കേന്ദ്രങ്ങൾ, കുതിരപ്പന്തയം എന്നിവയുടെ പ്രവർത്തനം നിരോധിക്കുന്നതിനോ, തടയുന്നതിനോ, റെഗുലേറ്റ് ചെയ്യുന്നതിനോ ഉള്ള വ്യവസ്ഥകളെ ഈ ഭേദഗതികൾ ബാധിക്കുകയില്ല എന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | വിദേശരാജ്യങ്ങളിലുള്ള സ്ഥാപനങ്ങൾ നികുതി ഒടുക്കാതെ നടത്തുന്ന ഓൺലൈൻ ഗെയിമുകൾ അവസാനിപ്പിക്കുന്നതിനോ നിയമവിധേയമായി പ്രവർത്തിപ്പിക്കുന്നതിനോ ബില്ലിൽ വ്യവസ്ഥ ഉണ്ടാകുമോ; വിശദമാക്കുമോ? | (സി) | അമ്പതാമത് ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം, ഇന്ത്യക്ക് പുറത്തു നിന്നും രാജ്യത്തിനകത്തേക്ക് ഓൺലൈൻ ഗെയിമിംഗ് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ നിർബന്ധമായും ഇന്ത്യയിൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കണമെന്ന കേന്ദ്ര ജി.എസ്.ടി. നിയമത്തിലെ ഭേദഗതി, ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | ലോക്സഭയിൽ അവതരിപ്പിച്ച ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ ഐ.ജി.എസ്.ടി. നിയമഭേദഗതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ലോക് സഭയിൽ അവതരിപ്പിച്ച ബില്ലിൽ, അമ്പതാമത് ജി.എസ്.ടി. കൗൺസിലിൽ തീരുമാനിച്ചതനുസരിച്ച് ഇന്ത്യയുടെ ടാക്സബിൾ ടെറിട്ടറി യുടെ പുറത്തുള്ള ഒരു വിതരണക്കാരൻ രാജ്യത്തിനുള്ളിൽ ഓൺലൈൻ ഗെയിമിംഗ് വിതരണം ചെയ്യുമ്പോൾ ഐ.ജി.എസ്.ടി. അടയ്ക്കേണ്ടതും ഇതിനായി വിതരണക്കാരൻ ഇന്ത്യയിൽ Simplified Registration Scheme ലൂടെ സിംഗിൾ രജിസ്ട്രേഷൻ എടുക്കേണ്ടതുമുണ്ട്.<br><br>വിതരണക്കാരനെ പ്രതിനിധാനം ചെയ്ത് ഇന്ത്യക്ക് അകത്ത് തന്നെയുള്ള വ്യക്തികൾക്ക് രജിസ്ട്രേഷൻ എടുത്ത് നികുതി അടയ്ക്കാവുന്നതാണ്. ഇത്തരത്തിൽ ഇന്ത്യയിൽ സാന്നിധ്യമില്ലാത്ത വിതരണക്കാരനുവേണ്ടി വിതരണക്കാരൻ ചുമതലപ്പെടുത്തുന്ന രാജ്യത്തിനകത്തുള്ള വ്യക്തികൾക്കും നികുതി അടയ്ക്കാവുന്നതാണ്. ഈ നിബന്ധനകൾ പാലിക്കാത്ത ഓൺലൈൻ ഗെയിം ദാതാക്കളെ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികളെ ബ്ലോക്ക് ചെയ്യുന്നതിനുള്ള വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ